# ആരോഗ്യ കേരളം

MARCH 2023

follow us on /arogyakeralam https://arogyakeralam.gov.in






**വിവ കേരളം ക്യാമ്പയിൻ സംസ്ഥാന തല ഉദ്ഘാടനം**

## കുട്ടികളിൽ ആരോഗ്യദായകമായ ഭക്ഷണ ശീലം നിർബന്ധമാക്കണം: മുഖ്യമന്ത്രി

കണ്ണൂർ: കുട്ടികളിൽ ആരോഗ്യദായകമായ ഭക്ഷണ രീതികൾ ശീലിപ്പിക്കുന്നതിനുള്ള നല്ല ശ്രമം കാലോചിതമായി ഉണ്ടാവണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വിളർച്ച മുക്ത കേരളത്തിനായി സംസ്ഥാന ആരോഗ്യ വകുപ്പ് സംഘടിപ്പിക്കുന്ന ക്യാമ്പയിൻ, വിവ കേരളം, വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക് സംസ്ഥാനതല ഉദ്ഘാടനം തലശ്ശേരി ടൗൺ ഹാളിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പട്ടിണിയുള്ളിടത്താണ് വിളർച്ചയെന്ന് കണക്കാക്കേണ്ടതില്ല. സമ്പത്തുള്ള വീടുകളിലും വിളർച്ചയുള്ളവരുണ്ട്. ആവശ്യമായ രീതിയിലുള്ള ഭക്ഷണം ഉള്ളിലെത്താത്തതാണ് ഇതിന് കാരണം. ഭക്ഷണ ശീലത്തിൽ ഇലക്കറികൾ ഉൾപ്പെടുത്തണം. മുഖ്യമന്ത്രി പറഞ്ഞു.


വിവാ കേരളം ക്യാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം തലശ്ശേരി ടൗൺ ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ച് സംസാരിക്കുന്നു.

ആരോഗ്യകരമായ സമൂഹം ഉണ്ടാവുകയെന്നതാണ് പ്രധാനം. ഭക്ഷണ ശീലത്തിനൊപ്പം വ്യായാമത്തിനും പ്രാധാന്യം നൽകണം. യുവതലമുറയെ ഒരു തരത്തിലും രോഗങ്ങളിലേക്ക് തള്ളിവിടാൻ പാടില്ല. വിളർച്ച സംബന്ധിച്ച് ആദിവാസി മേഖലയിൽ അവരുടെതായ ഭാഷയിൽ ബോധവൽക്കരണം നടത്തും സ്കൂളുകൾ കേന്ദ്രീകരിച്ചും ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആരോഗ്യ, വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിച്ചു.

വ്യക്തിയുടെ ആരോഗ്യത്തിനൊപ്പം പൊതു സമൂഹത്തിന്റെ ആരോഗ്യവും സംരക്ഷിക്കുകയെന്നതാണ് സർക്കാറിന്റെ ലക്ഷ്യമെന്ന് അവർ പറഞ്ഞു. ചികിത്സാ സേവനങ്ങളുടെ ഗുണനിലവാരമുറപ്പാക്കി വ്യക്തിയുടെ രോഗ പ്രതിരോധശേഷി വർധിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി. മുപ്പത് വയസിന് മുകളിലുള്ളവർക്ക് വാർഷിക ആരോഗ്യ പരിശോധന സംവിധാനം ഏർപ്പെടുത്തി. മുപ്പത് വയസിന് മുകളിലുള്ള 1.69 കോടി പേരിൽ 80 ലക്ഷം പേരെ ഇത് വരെ സ്ക്രീൻ ചെയ്തു. ജീവിത ശൈലി രോഗ പ്രതിരോധത്തിന് ഈ പരിശോധനാ സംവിധാനം ഫലപ്രദമാകും. മന്ത്രി വീണാ ജോർജ് പറഞ്ഞു. വിളർച്ച വിമുക്ത കേരളമെന്നതാണ് വിവ പദ്ധതിയുടെ ലക്ഷ്യമെന്നും അവർ പറഞ്ഞു. ആറ് മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാകുമെന്നാണ് പ്രതീക്ഷയെന്നും അവർ അറിയിച്ചു.

കേരള നിയസഭാ സ്പീക്കർ അഡ്വ. എ എൻ ഷംസീർ മുഖ്യ പ്രഭാഷണം നടത്തി.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽസെക്രട്ടറിടിങ്കുബിസ്വാൾ, എൻ എച്ച് എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ മൃൺമയി ശശാങ്ക് ജോഷി, ജില്ലാ കലക്ടർ എസ് ചന്ദ്രശേഖർ, വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ ജി പ്രിയങ്ക, തലശ്ശേരി നഗരസഭാ ചെയർപേഴ്സൺ ജമുനാ റാണി, വൈസ് ചെയർമാൻ വാഴയിൽ ശശി, ഐ എസ് എം ഡയരക്ടർ ഡോ പ്രിയ കെ എസ്, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ വി മീനാക്ഷി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ നാരായണ നായിക് എന്നിവർ പങ്കെടുത്തു.

> പട്ടിണിയുള്ളിടത്താണ് വിളർച്ചയെന്ന് കണക്കാക്കേണ്ടതില്ല. സമ്പത്തുള്ള വീടുകളിലും വിളർച്ചയുള്ളവരുണ്ട്



വിവാ കേരളം ഉദ്ഘാടനത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും പരിപാടികൾ സംഘടിപ്പിച്ചു. ആദ്യ ഘട്ടമെന്നോണം ആരോഗ്യപ്രവർത്തകരുടെയും ആശാപ്രവർത്തകരുടെയും ഹീമോഗ്ലോബിൻ പരിശോധന നടത്തി.

കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന്റെ 35ാം വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരം ശ്രീമൂലം ക്ലബ്ബിൽ സംഘടിപ്പിച്ച ദ്വിദിന പരിപാടിയിൽ വിവ കേരളം സ്ക്രീനിംഗ് സംഘടിപ്പിച്ചു. 210 പേരിൽ ഹീമോഗ്ലോബിൻ പരിശോധിച്ചതിൽ 20 പേരിൽ വിളർച്ചയുള്ളതായി കണ്ടെത്തുകയും തുടർച്ചികിത്സയ്ക്കായി നിർദ്ദേശിക്കുകയും ചെയ്തു. ക്യാമ്പയിന്റെ ഭാഗമായി മാർച്ച് 2, 3 തീയതികളിൽ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ കിറ്റി ഷോ സംഘടിപ്പിക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിൽ വിമലാ കോളേജിൽ നടന്ന ന്യൂട്രീഷൻ എക്സ്പോയുടെ ഭാഗമായി വിദ്യാർഥികൾക്കായി ഹീമോഗ്ലോബിൻ പരിശോധന സംഘടിപ്പിച്ചു. കുട്ടികളുടെ നേതൃത്വത്തിൽ ഫ്ളാഷ് മൊബ്, ആശാ പ്രവർത്തകരുടെ നേതൃത്വത്തിൽ ശിങ്കാരിമേളംഎന്നിവയുംനടന്നു. കൂടാതെ വരുംദിവസങ്ങളിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി വിളർച്ചാ ബോധവൽക്കരണ സന്ദേശം നൽകുന്ന ഓട്ടൻ തുള്ളൽ അരങ്ങേറും.


സ്ത്രീകളുടെയും കുട്ടികളുടെയും നേതൃത്വത്തിൽ പെൺവെളിച്ചം പരിപാടിയുടെ ഭാഗമായി ദീപം തെളിയിച്ചപ്പോൾ

## പട്ടം പറത്തിയും ദീപം തെളിയിച്ചും വിവക്ക് വരവേൽപ്പ്

കണ്ണൂർ: വിവ കേരളം ക്യാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം ആഘോഷമാക്കി ജില്ല. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ച വിവ (വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക്) കേരളം കാമ്പയിനിന് തലശ്ശേരി മുൻസിപ്പൽ ടൗൺ ഹാളിൽ നടന്ന പരിപാടിയിൽ മുഖ്യമന്ത്രി തുടക്കം കുറിച്ചു. ഉദ്ഘാടന ചടങ്ങിന്റെ പ്രചരണാർത്ഥം വിവിധങ്ങളായ പ്രചാരണ പരിപാടികളാണ് ജില്ലയിലുടനീളം സംഘടിപ്പിച്ചത്. ജില്ലാ മെഡിക്കൽ ഓഫീസിന്റെയും ദേശീയ ആരോഗ്യദൗത്യത്തിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ വനിതാശിശു വികസന വകുപ്പ്, കുടുംബശ്രീ മിഷൻ, വിദ്യാഭ്യാസ വകുപ്പ്, ഫിഷറീസ് വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ് തുടങ്ങി അനുബന്ധ വകുപ്പുകളും പങ്കാളികളായി.

തലശ്ശേരി, മുഴപ്പിലങ്ങാട്, പയ്യാമ്പലം, അഴീക്കോട് ചാൽ, എന്നീ ബീച്ചുകളിലും മാടായിപാറയിലും സ്ത്രീകളുടെ നേതൃത്വത്തിൽ പട്ടം പറത്തി. ഉയരും ഞാൻ നാടാകെ' എന്നാണ് പരിപാടിക്ക് വലിയ സ്ത്രീ പങ്കാളിത്തം ആയിരുന്നു. കതിരൂർ പഞ്ചായത്തിന്റെ അനീമിയ മുക്ത പരിപാടി (വിങ്ങ്സ) പദ്ധതിയുടെ ഭാഗമായ വനിതകളുടെ രക്ത ദാന ക്യാമ്പ് സംഘടിപ്പിച്ചു. ഉദ്ഘാടന തലേന്ന് ജില്ലയിലെ 71 പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും പെൺ വെളിച്ചം എന്ന പേരിൽ സ്ത്രീകളുടെ നേതൃത്വത്തിൽ ദീപം തെളിയിച്ചു. വിവിധയിടങ്ങളിൽ ജനപ്രതിനിധികൾ പരിപാടി ഉദ്ഘാടനം ചെയ്തു. വലിയ ജനപങ്കാളിത്തമാണ് പ്രചാരണ പരിപാടികൾക്ക് ലഭിച്ചത്.

ഉദ്ഘാന വേദിയ്ക്ക് സമീപം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ രക്ത പരിശോധന, ഐ.സി.ഡി.എസ്, ആയുഷ്, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എന്നിവരുടെ നേതൃത്വത്തിൽ ഹെൽത്ത് സ്റ്റാളുകൾ, ആരോഗ്യ പൂക്കളംഎന്നിവഒരുക്കുകയും ചെയ്തു. വനിതകളുടെ സൈക്കിൾ റാലി, കരാട്ടെ പ്രദർശനം, ശിങ്കാരിമേളം, നാടൻ പാട്ട്, സൂമ്പ ഡാൻസ്, സംഘനൃത്തം തുടങ്ങി വിവിധങ്ങളായ പരിപാടികളും അരങ്ങേറി.



**വീണാ ജോർജ്**
ആരോഗ്യ വകുപ്പ് മന്ത്രി

വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക്

# 'വിവ കേരളം' വിളർച്ചമുക്ത കേരളത്തിനായി നമുക്ക് ഒരുമിക്കാം




**സംസ്ഥാനത്ത്** വലിയൊരു കാമ്പയിന് തുടക്കമാവുകയാണ്. വിവ (വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക്) കേരളം എന്ന് പേരിട്ടിരിക്കുന്ന ഈ ക്യാമ്പയിൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. പൊതുജനാരോഗ്യ രംഗത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടത്തുന്ന ഏറ്റവും വലിയ ഇടപെടലുകളിലൊന്നാണ് വിവ കേരളം.

കേരളത്തിന്റെ ആരോഗ്യമേഖല ഒട്ടേറെക്കാര്യങ്ങളിൽ രാജ്യത്തിനും ലോകത്തിനുതന്നെയും മാതൃകയാണ് എന്നത് നമുക്കേവർക്കും അറിവുള്ളതാണ്. കേരളത്തിന്റെ ആരോഗ്യനേട്ടങ്ങളുടെ ആണിക്കല്ല് സാമൂഹിക വികസനത്തിലൂടെ ആരോഗ്യനേട്ടങ്ങൾ കൈവരിച്ചു എന്നതാണ്. ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെയും ഇടതുപക്ഷ സർക്കാരുകളുടെയും നിരന്തരമായ സാമൂഹിക ഇടപെടലുകൾ മറ്റെല്ലാ വികസന സൂചികകളെയുംപോലെ പോഷണത്തെയും സ്വാധീനിച്ചിട്ടുണ്ട്. ഭൂപരിഷ്കരണ നിയമങ്ങൾ, ആളുകൾക്ക് മണ്ണിന്റെ മുകളിൽ ഉണ്ടാക്കിയ അവകാശം സ്വാഭാവികമായിത്തന്നെ ദാരിദ്ര്യത്തെ ഇല്ലാതെയാക്കാൻ സഹായിച്ചു. ആദ്യ ഇടതുപക്ഷ സർക്കാർ തുടക്കമിട്ട സൗജന്യവും സർവ്വത്രികവുമായ വിദ്യാഭ്യാസം എന്ന നയം ആളുകളെ, പ്രത്യേകിച്ചും സ്ത്രീകളെ വിദ്യാസമ്പന്നരാക്കുകയും അത് പലതരത്തിൽ ആരോഗ്യകരമായ പോഷണ ശീലങ്ങളിലേക്ക് നമ്മെ നയിക്കുകയും ചെയ്തു. കൈ കഴുകി ഭക്ഷണം കഴിക്കുക, തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക, പാദരക്ഷകൾ ഉപയോഗിച്ച് വിരബാധകൾ തടയുക തുടങ്ങി ലളിതമായ മാർഗ്ഗങ്ങളിലൂടെ ഒട്ടേറെ പകർച്ചവ്യാധികളെയും പോഷണപ്രശ്നങ്ങളെയും തുടച്ചു നീക്കാൻ കേരള സമൂഹത്തിന് കഴിഞ്ഞു. എങ്കിലും സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവരിൽ തുടർന്ന് വരുന്ന പോഷണപ്രശ്നങ്ങളെ പരിഹരിക്കാൻ സർക്കാർ തുടർച്ചയായി ശ്രമിച്ചുവരികയാണ്. ക്ഷേമപെൻഷനുകൾ മിക്കപ്പോഴും ഉപയോഗിക്കപ്പെടുന്നത് അവശവിഭാഗങ്ങളിലുള്ളവരുടെ ഭക്ഷണ ആവശ്യത്തിനാണ് എന്നതിനാലാണ് സർക്കാർ പ്രതിസന്ധികൾക്കിടയിലും അതിന് വലിയ പ്രാധാന്യം നൽകുന്നത്. പൊതുവിതരണ സംവിധാനം ശക്തമായി മുന്നോട്ടു കൊണ്ടുപോകുന്നതിനോടൊപ്പം കൊവിഡ് പോലെയുള്ള സവിശേഷ സന്ദർഭങ്ങളിൽ ഭക്ഷണ - പോഷണ ലഭ്യതയിൽ സർക്കാർ ശക്തമായി ഇടപെടുന്നുണ്ട്.

ആരോഗ്യമേഖലയിൽ വലിയ ഭീഷണികളുടെ കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഉയർന്നുവരുന്ന രോഗാതുരതയും പുത്തൻ പകർച്ചവ്യാധികളും നമുക്ക് നിരന്തരം ഭീഷണി ഉയർത്തുന്നു. ആരോഗ്യ മേഖലയിൽ സർക്കാർ സംവിധാനത്തിൽ തന്നെ ഉയർന്ന ഗുണമേന്മയുള്ള വലിയ പശ്ചാത്തല സൗകര്യങ്ങളൊരുക്കി, നിരന്തര ഇടപെടലുകളിലൂടെ വലിയ മാറ്റങ്ങളാണ് നാം വരുത്തികൊണ്ടിരിക്കുന്നത്. ഇതിലൂടെ നിപ, കൊവിഡ്, സിക, മങ്കിപോക്സ് തുടങ്ങിയ പകർച്ചവ്യാധികളെ ഫലപ്രദമായി നേരിടാൻ നമുക്കായി എന്നതും ജീവിതശൈലീരോഗങ്ങളുടെ നിർണ്ണയവും ചികിത്സയും ബഹുഭൂരിപക്ഷം ജനങ്ങളും ഇന്ന് സർക്കാർ ആശുപത്രികളിൽ നിർവ്വഹിക്കുന്നു എന്നതും നമ്മുടെ ശ്രമങ്ങൾ ഗുണപ്രാപ്തിയിൽ എത്തുന്നു എന്നതിന്റെ സൂചകങ്ങളാണ്. നവകേരളം കർമ്മപദ്ധതിയിലുൾപ്പെട്ട ആർദ്രം മിഷൻ ഒന്നിന്റെ ഭാഗമായി സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ വ്യാപകമായി പശ്ചാത്തല സൗകര്യങ്ങളൊരുക്കുന്നതിനാണ് മുൻഗണന നൽകിയതെങ്കിൽ, ഇന്ന് ആർദ്രം മിഷൻ രണ്ടിന്റെ ഭാഗമായി സേവനങ്ങളുടെ ഗുണനിലവാരം വർധിപ്പിക്കുന്നതിന് മുൻഗണന നൽകിക്കൊണ്ടിരിക്കുന്നു. ഗവേഷണങ്ങൾക്ക് പ്രാധാന്യം നൽകുകയും ആശുപത്രികളെ ഡിജിറ്റലൈസ് ആക്കാൻ പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്തു. ആരോഗ്യ മേഖലയിലെ പുരോഗതിയ്ക്കൊപ്പം ചികിത്സയ്ക്കും രോഗപ്രതിരോധത്തിനും വലിയ പ്രാധാന്യം നൽകി വരുന്നു. ജീവിതശൈലീ രോഗനിർണയത്തിന് പുതിയ ചുവടുവയ്പ്പ് നടത്തി, 30 വയസിന് മുകളിലുള്ള 77 ലക്ഷത്തിലധികം പേരെ ആരോഗ്യ പ്രവർത്തകർ വീടുകളിലെത്തി സ്ക്രീനിംഗ് നടത്തി. സംസ്ഥാനത്ത് കാൻസർ ചികിത്സാ രംഗത്ത് വലിയ മുന്നേറ്റമാണുണ്ടായത്. ജില്ലാ കാൻസർ കെയർ പദ്ധതി ആവിഷ്ക്കരിക്കുകയും കാൻസർ രജിസ്ട്രി തയ്യാറാക്കുകയും ചെയ്തു. കാൻസർ രോഗികളെ കണ്ടെത്തി ചികിത്സിക്കുന്നതിന് കാൻസർ കെയർ സ്ക്രീനിംഗ് പോർട്ടലിന് രൂപം നൽകി, തുടങ്ങി നമ്മുടെ ഇടപെടലുകളുടെ പട്ടിക നീണ്ടുപോകുന്നു.

> **ഈ ഇടപെടലുകളുടെ തുടർച്ചയായാണ് പൊതുജനാരോഗ്യം ഉറപ്പ് വരുത്താൻ ബഹുജന പങ്കാളിത്തത്തോടെ ആവിഷ്ക്കരിച്ചിരിക്കുന്ന വിവ കേരളം പദ്ധതി.**

വിളർച്ച അഥവാ അനീമിയ എന്നത് ഒരു ആരോഗ്യ പ്രശ്നം എന്നതിലുപരി ഒരു സാമൂഹിക സാമ്പത്തിക പ്രശ്നമാണ്. സ്ത്രീകൾ, കുഞ്ഞുങ്ങൾ, ആദിവാസികൾ, അഗതികൾ, വൃദ്ധർ തുടങ്ങിയവർ മറ്റുള്ളവരെക്കാൾ ഈ പ്രശ്നം പേറുന്നു എന്നതും കുട്ടികളുടെ പഠനത്തിൽ മുതൽ മുതിർന്നവരുടെ ജോലിയുടെ ഗുണനിലവാരത്തിൽ വരെ സ്വാധീനം ചെലുത്തി സമൂഹത്തെ ബലഹീനമാക്കുന്നു എന്നതും ഈ പ്രശ്നത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു. വർഷങ്ങളായുള്ള ദേശീയ കുടുംബാരോഗ്യ സർവേകളിൽ കാണുന്നതനുസരിച്ച് എല്ലാ പ്രായക്കാരുടെ വിഭാഗങ്ങളിലും, വിളർച്ച രാജ്യത്തിൽ തന്നെ ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം എന്നതാണ്. എങ്കിലും ഇനിയും നമുക്ക് മുന്നോട്ട് പോകേണ്ടതുണ്ട്. ഈയൊരു ലക്ഷ്യം മുൻനിർത്തിയാണ് വിളർച്ച മുക്ത കേരളത്തിന് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, വനിത ശിശുവികസന വകുപ്പ്, എസ്.സി. എസ്.ടി. വകുപ്പ് തുടങ്ങി വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയും ബഹുജന പങ്കാളിത്തത്തോടെയും വിവ കേരളം എന്നപേരിൽ കാമ്പയിൻ ആരംഭിക്കുന്നത്. ഇതിനായി സംസ്ഥാനതല സമിതിയും ജില്ലാതല സമിതിയും രൂപീകരിച്ച് പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്.



ഈ സന്ദർഭത്തിൽ എന്താണ് അനീമിയ എന്നും അതെങ്ങനെ പരിഹരിക്കാമെന്നും എല്ലാവരും അറിയേണ്ടതുണ്ട്. ശരീരത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവവായുവും പോഷകങ്ങളും ശരീരത്തിന്റെ പല ഭാഗത്തേക്ക് എത്തിക്കുന്ന ദ്രാവകമാണ് രക്തം എന്നത് നമുക്കറിയാം. രക്തത്തിന് ചുവപ്പ് നിറം നൽകുന്നത്, രക്തത്തിലെ ചുവന്ന രക്ത കോശങ്ങളിൽ (RBC) കാണുന്ന ഹീമോഗ്ലോബിൻ എന്ന മാംസ്യതന്മാത്രകളാണ്. ശ്വാസകോശത്തിൽ നിന്നും ഹൃദയത്തിലൂടെ നമ്മുടെ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് ഓക്സിജൻ എത്തിക്കുന്നതിൽ വളരെ പ്രധാന പങ്കുവഹിക്കുന്ന ഒരു പ്രോട്ടീനാണ് ഹീമോഗ്ലോബിൻ. ഈ ഹീമോഗ്ലോബിന്റെ പ്രധാന ഘടകം ഇരുമ്പുസത്താണ്. ചുവന്ന രക്തകോശങ്ങൾക്കോ അതിലുള്ള ഹീമോഗ്ലോബിൻ എന്ന പ്രോട്ടീനോ എന്തെങ്കിലും കുറവ് സംഭവിച്ചാൽ നമ്മളുടെ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലെ കോശങ്ങൾക്ക് ആവശ്യമായ ഓക്സിജൻ ലഭിക്കാതിരിക്കുകയും അത് കാരണം നമ്മൾക്ക് പലതരം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാനും കാരണമാകും. ശരീരത്തിൽ ചുവന്ന കോശങ്ങൾ ഉണ്ടാകുന്ന പ്രക്രിയയുടെ പേരാണ് എറിത്രോപോയിസിസ്. അനേകം പോഷകങ്ങൾ ആവശ്യമായ വളരെ സങ്കീർണമായ ഒരു പ്രക്രിയയാണ് അത്. ഇങ്ങനെയുണ്ടാകുന്ന ചുവന്ന രക്തകോശങ്ങളുടെ ആയുസ് ആകട്ടെ വെറും 100 മുതൽ 120 ദിവസം മാത്രമാണ്. അതുകൊണ്ടുതന്നെ നിരന്തരമായി ശരീരത്തിൽ ഈ രക്തകോശങ്ങൾ ഉൽപ്പാദിപ്പിക്കേണ്ട ആവശ്യമുണ്ട്. പല കാരണങ്ങൾ കൊണ്ട് ചുവന്ന രക്തകോശങ്ങൾക്കോ ഹീമോഗ്ലോബിനോ വരുന്ന കുറവുമൂലം നമ്മുടെ ശരീരത്തിൽ ഉണ്ടാകുന്ന അവസ്ഥയ്ക്ക് പറയുന്ന പേരാണ് അനീമിയ, അല്ലെങ്കിൽ വിളർച്ച.

കുട്ടികളിലും, കൗമാരക്കാരിലും വിളർച്ച ഉണ്ടാകാനുള്ള പ്രധാന കാരണങ്ങൾ ഇരുമ്പ് അടങ്ങിയ ഭക്ഷണസാധനങ്ങളായ ഇലക്കറികളോ മത്സ്യമാംസാദികളോ ഭക്ഷണത്തിൽ ഉൾപ്പെടുത്താതിരിക്കൽ, ഏതെങ്കിലും ഭക്ഷണത്തോടുള്ള അമിത പ്രതിപത്തി, വികലമായ ഡയറ്റിങ്, വിരശല്യം, കൗമാരപ്രായത്തിലുള്ള പെൺകുട്ടികളിലാണെങ്കിൽ മാസമുറയുടെ സമയത്ത് കൂടുതൽ രക്തം നഷ്ടപ്പെടുന്നത് തുടങ്ങിയവയാണ്. ഗർഭിണികളിലും മുലയൂട്ടുന്ന അമ്മമാരിലും ഇതു കൂടാത ഈ കാലയളവിൽ സാധാരണയിൽ നിന്നും കൂടുതലായി ആവശ്യമുള്ള (ഗർഭസ്ഥ ശിശുവിനോ, പാല് കുടിക്കുന്ന കുഞ്ഞിനോ ആവശ്യമായ ഇരുമ്പ്, ഫോളിക് ആസിഡ്, വിറ്റാമിൻ ബി 12 തുടങ്ങിയവ കൂടി അമ്മയിൽ നിന്നും വരേണ്ടതുണ്ട്) പോഷകങ്ങൾ 'അമ്മ കൂടുതലായി എടുക്കുന്നില്ല, മുതലായവയാണ്. പോഷകങ്ങൾ എടുക്കുന്നതിൽ കുറവ്, പോഷകങ്ങൾ ആഗിരണം ചെയ്യാൻ ശരീരത്തിന് കഴിയാതെ ഇരിക്കുക, പോഷണം രക്ത സ്രവത്തിലൂടെയും മറ്റും നഷ്ടമാവുക എന്നിവ എല്ലാം വിളർച്ച ഉണ്ടാക്കും. സ്ത്രീകളിൽ രക്തസ്രാവം ഒരു പ്രധാനപ്രശ്നമാണ്. സിക്കിൾ സെൽ അനീമിയ പോലെ ജനിതക ഘടകങ്ങളും അനീമിയ ഉണ്ടാക്കുന്നുണ്ട്. ഈ കാര്യങ്ങളെയൊക്കെ ഉൾക്കൊണ്ട് വിളർച്ച മുക്ത കേരളത്തിനായാണ് കേരള സർക്കാർ വിളർച്ചയെ നിയന്ത്രിക്കാൻ വേണ്ടി വിവ കേരളം കാമ്പയിൻ ആവിഷ്കരിക്കുന്നത്.



15 മുതൽ 59 വയസുവരെയുള്ള പെൺകുട്ടികളിലും സ്ത്രീകളിലും അനീമിയ കണ്ടെത്തുകയും ആവശ്യമായവർക്ക് ചികിത്സ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഒരു പ്രധാന ലക്ഷ്യം. പരിശോധനയും ചികിത്സയും കൂടാതെ ശക്തമായ ബോധവത്ക്കരണവും ലക്ഷ്യമിടുന്നു. വിദ്യാസമ്പന്നരും സാമ്പത്തികമായി മുന്നിൽ നിൽക്കുന്നവരുമായ സ്ത്രീകളിൽ പോലും അനീമിയ കാണുന്നുണ്ട്. മറഞ്ഞിരിക്കുന്ന അനീമിയ പല ഗുരുതര ശാരീരിക ബുദ്ധിമുട്ടിലേക്കും നയിക്കും. അനീമിയ നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിലൂടെ പലതരത്തിലുള്ള സങ്കീർണതകളിൽ നിന്നും മോചനം നേടാവുന്നതാണ്.

കേരള സർക്കാർ, സംസ്ഥാന ആരോഗ്യവകുപ്പ് ഒരു വലിയ ജനകീയ കാമ്പയിന് തുടക്കമിടുകയാണ്. ആദ്യം നമുക്ക് വിളർച്ചയുണ്ടോയെന്ന് പരിശോധിച്ചു കണ്ടെത്തേണ്ടതുണ്ട്. നമ്മുടെ തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ഇതിനുള്ള അവസരമുണ്ടായിരിക്കും. സ്വകാര്യ ലാബുകൾ, സന്നദ്ധ സംഘടനകളുടെ ക്യാമ്പുകളിൽ എന്നിവിടങ്ങളിലെ പരിശോധനകളും ക്രോഡീകരിക്കും. ഓരോരുത്തരും അവരുടെ രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവ് എത്രയെന്ന് കണ്ടെത്തണം. ആഹാര ശീലങ്ങളിൽ മാറ്റങ്ങൾ വരുത്തി വിളർച്ച പരിഹരിക്കാൻ കഴിയണം. വിളർച്ച നല്ലരീതിയിൽ ഉണ്ടെങ്കിൽ ഡോക്ടർമാരുടെ നിർദേശ പ്രകാരം ചികിത്സയും ആവശ്യമാണ്. വിളർച്ച ഒഴിവാക്കുക എന്നുള്ളത് പ്രധാനപ്പെട്ടൊരു കാര്യമാണ്. കാരണം നേരത്തെ സൂചിപ്പിച്ചതുപോലെ വിളർച്ച ഒരു ആരോഗ്യപ്രശ്നവും അതോടൊപ്പം സാമൂഹിക, സാമ്പത്തിക പ്രശ്നവുമാണ്. മിടുക്കരായ കുട്ടികളും, ചുറുചുറുക്കുള്ള ചെറുപ്പക്കാരും, ആരോഗ്യമുള്ള വൃദ്ധജനങ്ങളുമുള്ള, വളർച്ചയുള്ള ഒരു സമൂഹത്തിന് വിളർച്ചയെ മാറ്റി നിർത്തിയേ തീരൂ. ഇതിനായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. വിവ കേരളം കാമ്പയിനിൽ എല്ലാവരും പങ്കാളികളാകണമെന്ന് അഭ്യർത്ഥിക്കുന്നു. സമീകൃത ആഹാരവും, ശാസ്ത്രീയമായ ആഹാര രീതികൾ ശീലിച്ചും കൃത്യമായ ചികിത്സ വഴിയും നമുക്ക് വിളർച്ചയെ തടയാനാകും എന്നുള്ളതിനാൽ നമുക്ക് ഒരുമിച്ച് ഈ ഉദ്യമം വിജയിപ്പിക്കാം.


ചീഫ് എഡിറ്റർ
**മൃൺമയി ശശാങ്ക് ജോഷി ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി സി സി

മാനേജിംഗ് എഡിറ്റർ
**വി കെ വർഷ**
ജെ സി(ഡിഹസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റേഴ്സ്
**ടി സ്മൃതി ലക്ഷ്മി**
ജെ സി(ഡിഹസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെ സി(ഡിഹസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

## പത്രാധിപ സമിതി

അംഗങ്ങൾ

**വർഷ ജയപ്രകാശ്**
ജെ സി (ഡിഹസി), തിരുവനന്തപുരം
**അശ്വിനി രവീന്ദ്രൻ**
ജെ സി (ഡിഹസി), കൊല്ലം
**ഡാനി പ്രിയൻ**
കൺസൾട്ടന്റ്(ഡിഹസി), തൃശൂർ
**വിനു എ**
കൺസൾട്ടന്റ്(ഡിഹസി), എറണാകുളം
**ജിജിൽ മാത്യു**
കൺസൾട്ടന്റ്(ഡിഹസി), ഇടുക്കി
**പ്രീത എം**
ജെ സി(ഡിഹസി), പാലക്കാട്

**ദിവ്യ ഇ ആർ**
ജെ സി(ഡിഹസി), മലപ്പുറം
**ദിവ്യ**
കൺസൾട്ടന്റ്(ഡിഹസി), കോഴിക്കോട്
**നിജിൽ**
ജെ സി (ഡിഹസി), വയനാട്
**ബിൻസി രവീന്ദ്രൻ**
ജെ സി (ഡിഹസി),കണ്ണൂർ
**കമൽ കെ ജോസ്**
ജെ സി (ഡിഹസി), കാസർഗോഡ്
**ഷീബ ആർ ദാസ്**
ക്ലർക്ക്, ഡി ഇ ഒ സ്റ്റേറ്റ് മിഷൻ ഓഫീസ്

# ആരോഗ്യ വകുപ്പുകൾ സഹകരിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യം : മന്ത്രി വീണാ ജോർജ്ജ്

## സാംക്രമിക രോഗങ്ങൾ പ്രതിരോധിക്കാൻ ബോർഡ് മീറ്റിംഗ്

തിരുവനന്തപുരം: സാംക്രമിക രോഗങ്ങൾ ഫലപ്രദമായി പ്രതിരോധിക്കുന്നതിന് അതിർത്തി സംസ്ഥാനങ്ങളിലെ ആരോഗ്യ വകുപ്പുകൾ പരസ്പര സഹകരണത്തോടെ പ്രവർത്തിക്കേണ്ടത് അനിവാര്യമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ്. അതിർത്തി ജില്ലകളിലെ ആരോഗ്യ പ്രവർത്തകർ വിവരങ്ങൾ പങ്കിടൽ, മുൻകൂർ അപായ സൂചനകൾ നൽകൽ, സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ തയ്യാറാക്കൽ, പ്രാദേശികമായുള്ള അവബോധ സാമഗ്രികളുടെ വികസനം, ആവശ്യമുള്ളപ്പോൾ കണ്ടെയിൻമെന്റ്, ക്വാറന്റെൻ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കൽ എന്നീ മേഖലകളിൽ പരസ്പരം ബന്ധപ്പെടണമെന്നും മന്ത്രി പറഞ്ഞു. വിവിധ സംസ്ഥാനങ്ങളുടെ ബോർഡ് മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.


പലതരം സാംക്രമിക രോഗങ്ങൾ മുമ്പെങ്ങും ഇല്ലാത്തവിധം വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. പലതരം പകർച്ച വ്യാധികൾ, അവഗണിക്കപ്പെട്ട ഉഷ്ണമേഖല രോഗങ്ങൾ എന്നിവ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ആളുകളെ ബാധിക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം, ആന്റി മൈക്രോബിയൽ പ്രതിരോധം, കീടനാശിനി പ്രതിരോധം എന്നിവയെല്ലാം രോഗവ്യാപനത്തിന് കാരണമായിട്ടുണ്ട്. ക്ഷയം, മലേറിയ എച്ച്1, എൻ 1, ഇൻഫ്ളുവൻസ, കൊവിഡ് തുടങ്ങിയ രോഗങ്ങളുടെ പ്രതിരോധത്തിൽ അയൽ സംസ്ഥാനങ്ങൾ നന്നായി പ്രവർത്തിക്കുന്നു. ഏകാരോഗ്യം എന്ന ആശയം ഉൾക്കൊണ്ട് സഹകരണം നിലനിർത്തുകയും കൂടുതൽ ശക്തിപ്പെടുത്തുകയും വേണം. പച്ചക്കറി, കോഴി, കന്നുകാലി എന്നിവയുടെ വലിയതോതിലുള്ള അന്തർ സംസ്ഥാന വ്യാപാരം കണക്കിലെടുത്ത് കേരളത്തിന് ഇത് പ്രത്യേകിച്ച് പ്രസക്തമാണ്.

പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനും ഇത്തരം അതിർത്തി യോഗങ്ങൾ സഹായിക്കും. സാംക്രമിക രോഗ നിയന്ത്രണത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെല്ലാം മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുണ്ട്. എന്നിരുന്നാലും തുടർച്ചയായ വെല്ലുവിളികൾ കാരണം പകർച്ചവ്യാധികളെ നേരിടൻ കൂട്ടായ പരിശ്രമം ആവശ്യമാണെന്നും മന്ത്രി പറഞ്ഞു.

എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ മൃൺമയി ശശാങ്ക് ജോഷി ഐ.എ.എസ്, തമിഴ്നാട് സ്റ്റേറ്റ് സർവൈലൻസ് ഓഫീസർ ഡോ.പി സമ്പത്ത്, കർണ്ണാടക സ്റ്റേറ്റ് സർവൈലൻസ് ഓഫീസർ ഡോ.രമേഷ് കെ കൗൽഗഡ്, മാഹി സീനിയർ മെഡിക്കൽ ഓഫീസർ ഡോ.മുഹമ്മദ് ഇസാഖ് ഷമീർ, ആരോഗ്യവകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ സർവൈലൻസ് ഓഫീസർമാർ എന്നിവർ പങ്കെടുത്തു.

# അപെക്സ് ട്രോമ ട്രെയിനിംഗ് സെന്ററിൽ നൂതന ഉപകരണങ്ങൾക്ക് 2.27 കോടി രൂപ

തിരുവനന്തപുരം: അടിയന്തര വിദഗ്ധ ചികിത്സ ഉറപ്പാക്കാൻ തിരുവനന്തപുരത്ത് സ്ഥാപിച്ച അപെക്സ് ട്രോമ ആന്റ് എമർജൻസി ലേണിഗ് സെന്ററിന് (എ.ടി.ഇ.എൽ.സി.) നൂതന ഉപകരണങ്ങൾ വാങ്ങാൻ 2.27 കോടി രൂപ അനുവദിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വിവിധ തരം ഫുൾ ബോഡി ഹൈ ഫിഡലിറ്റി സിമുലേറ്ററുകൾ വാങ്ങുന്നതിനാണ് തുക അനുവദിക്കുന്നത്. മനുഷ്യന് സമാനമായിട്ടുള്ള ഇത്തരം മാനികിനുകളുടെ സഹായത്തോടെ ലോകോത്തര വിദഗ്ധ പരിശീലനം സാധ്യമാകുന്നതാണ്. സിമുലേഷൻ ടെക്നോളജിയിലൂടെ അപകടങ്ങളാലും രോഗങ്ങളാലും ഉണ്ടാകുന്ന വിവിധ സന്ദർഭങ്ങൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ പുനരാവിഷ്ക്കരിച്ച് വിദഗ്ധ പരിശീലനം ലഭ്യമാക്കാൻ ഇതിലൂടെ സാധിക്കും. ഇത് ഡോക്ടർമാർക്കും ആരോഗ്യ പ്രവർത്തകർക്കും സഹായകരമാകുമെന്നും മന്ത്രി വ്യക്തമാക്കി.



> വിവിധ തരം ഫുൾ ബോഡി ഹൈ ഫിഡലിറ്റി സിമുലേറ്ററുകൾ വാങ്ങുന്നതിനാണ് തുക അനുവദിക്കുന്നത്

ഒരാൾ അപകടത്തിൽപ്പെട്ടാൽ ഗോൾഡൻ അവറിനുള്ളിൽ അയാളെ രക്ഷിക്കുക എന്നത് വളരെ പ്രധാനമാണ്. അതിന് വിദഗ്ധ പരിശീലനം ആവശ്യമാണ്. ഇത് മുന്നിൽ കണ്ടാണ് ആരോഗ്യ പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിനായി അപെക്സ് ട്രോമ ആന്റ് എമർജൻസി ലേണിംഗ് സെന്റർ ആരംഭിച്ചത്. ഡോക്ടർമാർ, നഴ്സുമാർ, പാരാ മെഡിക്കൽ ജീവനക്കാർ തുടങ്ങിയവർക്കായി വിവിധ തരം എമർജൻസി ആൻഡ് ട്രോമ അനുബന്ധ കോഴ്സുകളാണ് ഈ സെന്ററിൽ നടത്തുന്നത്. അത്യാധുനിക സൗകര്യങ്ങളുള്ള ഈ കേന്ദ്രത്തിൽ സ്മാർട്ട ക്ലാസ് റൂമുകൾ, സിമുലേഷൻ ലാബുകൾ, ഡിബ്രീഫിങ്ങ് റൂമുകൾ എന്നിവ സജ്ജമാണ്.

# ചാലിയാറിന്റെ ആരോഗ്യ മേഖല ഇനി ശക്തം

## ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റും ഫിസിയോതെറാപ്പി യൂണിറ്റും നാടിനു സമർപ്പിച്ചു



ചാലിയാർ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ഫ്ളാഗ് ഓഫ് കർമ്മം ചാലിയാർ കുടുംബാരോഗ്യ കേന്ദ്രത്തിൽ പി.കെ ബഷീർ എം എൽ എ നിർവ്വഹിക്കുന്നു

മലപ്പുറം: ജില്ലയിൽ ഏറ്റവും കൂടുതൽ ആദിവാസി ജനതയുള്ള ചാലിയാർ ഗ്രാമ പഞ്ചായത്തിന് ഇനി ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റും ഫിസിയോതെറാപ്പി യൂണിറ്റും. മൊബൈൽ ട്രൈബൽ യൂണിറ്റിന്റെയും ഫിസിയോതെറാപ്പി യൂണിറ്റിന്റെയും ഉദ്ഘാടനം ചാലിയാർ കുടുംബാരോഗ്യ കേന്ദ്രത്തിൽ പി.കെ ബഷീർ എം എൽ എ നിർവ്വഹിച്ചു.

എൻ എച്ച് എം ആരോഗ്യകേരളത്തിന്റെ ട്രൈബൽ പദ്ധതിയിലുൾപ്പെടുത്തിയാണ് ചാലിയാർ ഗ്രാമപഞ്ചായത്തിന് ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് അനുവദിച്ചത്. പാലക്കയം നായക്കൻ കോളനി, പാലക്കയം മുതുവൻ കോളനി, പ്ലാക്കൽചോല കോളനി, വേങ്ങാട് കോളനി, വെണ്ണേക്കോട് നായ്ക്കൻ കോളനി, വെണ്ണേക്കോട് മുതുവൻ കോളനി, അമ്പുമല കോളനി, വെറ്റിലക്കൊല്ലി കോളനി, കൊമ്പൻ കൊല്ലി കോളനി തുടങ്ങിയ ചാലിയാർ ഗ്രാമപഞ്ചായത്തിലെ എല്ലാ ദുർഘട മേഖല കോളനികളിലും ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ലഭ്യമാകും. ഇതുകൂടാതെ പോത്തുകല്ല് കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള വാണിയമ്പുഴ കോളനി, ഇരുട്ടുകുത്തി കോളനി, തരിപ്പപൊടി കോളനി, കുമ്പളപ്പാറ കോളനി, ചെമ്പ്ര കോളനി എന്നിവയിലും ട്രൈബൽ മൊബൈൽ യൂണിറ്റിന്റെ സേവനം ലഭ്യമാകും. ട്രൈബൽ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ഒരു ഡോക്ടറേയും ഒരു ഫാർമസിസ്റ്റിനെയും അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ ഒരു ജെ.എച്ച്.ഐ അല്ലെങ്കിൽ ജെ.പി.എച്ച്.എൻ, എം.എൽ.എസ്.പി, ഹാംലറ്റ് ആശ, എസ്.ടി പ്രോമോട്ടർ എന്നിവരുടെ സേവനം കൂടി ട്രൈബൽ മൊബൈൽ യൂണിറ്റിന്റെ ക്യാമ്പുകളിൽ ലഭ്യമാകും.

ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടികൾ, അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യ പ്രവർത്തനങ്ങൾ, പ്രതിരോധ കുത്തിവെയ്പ്പ് പരിപാടികൾ, ഗർഭിണികളുടേയും നവജാത ശിശുക്കളുടേയും ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ, ടിബി, ലെപ്രസി രോഗങ്ങളുടെ സ്ക്രീനിങ്ങും, ചികിത്സയും, മറ്റ് ജനിതകപരമായ രോഗങ്ങൾക്കുള്ള ചികിത്സ, മാനസികാരോഗ്യപ്രവർത്തനങ്ങൾ, കമ്യൂണിക്കബിൾ ഡിസീസ് പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സയും ഈ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് വഴിലഭ്യമാകും. ചാലിയാർ കുടുംബാരോഗ്യകേന്ദ്രത്തിൽ നിന്നായിരിക്കും ഈ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നുകളും കൺസ്യൂമബിൾസും ലഭ്യമാക്കുക.

**ആശ്വാസമായി ഫിസിയോ തെറാപ്പി യൂണിറ്റ്**

ട്രൈബൽമേഖലയിലെ ഫിസിയോതെറാപ്പി ആവശ്യമായ രോഗികൾക്ക് ഫിസിയോ തെറാപ്പി സേവനം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നിർമ്മിച്ചു നൽകിയ കെട്ടിടത്തിലാണ് ഫിസിയോതെറാപ്പി യൂണിറ്റ് ഒരുക്കിയത്. 5 ലക്ഷം രൂപ എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ചാണ് ഫിസിയോതെറാപ്പി യൂണിറ്റിലേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങിയത്. ഈ സൗകര്യങ്ങൾ ലഭ്യമാക്കുക വഴി സാധാരണ ജനങ്ങൾക്ക് പൊതുവേ ട്രൈബൽ മേഖലയിലുള്ളവർക്ക് ഏറ്റവും അടുത്ത സ്ഥലങ്ങളിൽ തന്നെ ഫിസിയോതെറാപ്പി ലഭ്യമാക്കുന്ന അപൂർവ്വം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒന്നായി ചാലിയാർ ഗ്രാമപഞ്ചായത്ത് മാറി. പക്ഷാഘാതം, ഞരമ്പ്, അസ്ഥി സംബന്ധമായ അസുഖങ്ങൾ തുടങ്ങി പലവിധ കാരണങ്ങൾ കൊണ്ട് ശരീരത്തിന്റെ/അവയവങ്ങളുടെ ചലനശേഷി കുറഞ്ഞു പോകുന്നവരെ തുടർച്ചയായ ഫിസിയോതെറാപ്പിയിലൂടെ നിലവിലെ അവസ്ഥ മോശമാവാതിരിക്കാനും മെച്ചപ്പെടുത്താനും സാധിക്കും. ഇതു മൂലം കിടപ്പിലായി പോകുന്നവരുടെ എണ്ണം കുറച്ചു കൊണ്ടുവരുവാനും പാലിയേറ്റീവ് കെയറിൽ എത്തിപ്പെടാതെ നോക്കാനും സാധിക്കും. സൗജന്യ നിരക്കിൽ ഈ സേവനം ലഭ്യമാക്കുക വഴി പൊതുജനങ്ങളുടെ ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചർ കുറക്കാൻ സാധിക്കും. ഇത് വഴി സാധാരണ ജനങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്താൻ സാധിക്കും. ഡിഎംഒ ഡോ. ആർ രേണുക, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അനൂപ് ടി എൻ, ആർ സി എച്ച് ഓഫീസർ ഡോ.പമീലി എൻ എൻ, ചാലിയാർ കുടുംബാരോഗ്യം മെഡിക്കൽ ഓഫീസർ ഡോ. സഹന മറ്റു ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു

# ഉത്സവപ്രതീതിയിൽ ആശ ഫെസ്റ്റ്; ആഘോഷമാക്കി ആശമാർ



വയനാട്: മത്സരങ്ങളേക്കാളുമുപരി ഉത്സവമായിരുന്നു അവർക്ക്. ജോലിത്തിരക്കുകൾക്കിടയിൽ നിന്നു മാറി എല്ലാം മറന്നുല്ലസിക്കാനുള്ള ഒരു ദിനം. ഇടവേളകളിൽ ആർത്തുല്ലസിച്ചും പാട്ടുകൾക്കൊപ്പം ചുവടുവച്ചും ആശാ ഫെസ്റ്റ് ആഘോഷമാക്കുകയാണ് അവർ. പനമരം സെന്റ് ജൂഡ് പാരിഷ് ഹാളിൽ അരങ്ങേറിയ പെണ്മ-2023 ആശ ഫെസ്റ്റ് ആശാപ്രവർത്തകരുടെ സർഗ്ഗാത്മക കഴിവുകൾ പുറത്തെടുക്കാനുള്ള മികച്ച വേദിയായി. ആരോഗ്യവകുപ്പും ആരോഗ്യകേരളം വയനാടും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

ആരോഗ്യമേഖലയുടെ മുന്നണിപ്പോരാളികളായ ആശാപ്രവർത്തകർ പ്രായഭേദമന്യേ പരിപാടിയിൽ സജീവമായി എന്നതാണ് ഇത്തവണത്തെ ഫെസ്റ്റിന്റെ ഏറ്റവും വലിയ സവിശേഷത. നിറഞ്ഞ സദസ്സിൽ നാടൻപാട്ടും സംഘനൃത്തവും മൂകാഭിനയവുമായി ഇവർ കാണികളുടെ ശ്രദ്ധയാകർഷിച്ചു. ഒരുക്കത്തിലെ ഒരുമ പ്രകടനത്തിലും കാത്തുസൂക്ഷിക്കുന്നതിൽ മുൻപന്തിയിലായിരുന്നു സംഘനൃത്തത്തിൽ അരങ്ങേറിയവർ. കൈമുദ്രകളും നോട്ടങ്ങളും ചലനങ്ങളുമൊക്കെ ഒരുപോലെ വരുമ്പോഴാണ് സംഘനൃത്തം ആസ്വാദ്യകരമാവുന്നതെന്നതിനാൽ ആശമാരുടെ പ്രകടനം വിധികർത്താക്കൾക്കും ശ്രമകരമായ ജോലിയായി. സമകാലിക സംഭവങ്ങളുമായി കൈയ്യടി നേടിയാണ് മൂകാഭിനയ മത്സരം പര്യവസാനിച്ചത്. ഭാഷയുടെ വ്യാകരണസംഹിതകളിൽ ഒതുങ്ങി നിൽക്കുന്നതിനു പകരം നാട്ടുഭാഷയിൽ ഒരുങ്ങിയ നാടൻ പാട്ട് മത്സരവും ശ്രദ്ധയമായി. ആദിവാസി ജനവിഭാഗങ്ങളുടെ ആചാരങ്ങളും സംസ്കാരങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന വിഷയങ്ങളാണ് മിക്ക ടീമുകളും മത്സരത്തിൽ ഉൾക്കൊള്ളിച്ചത്. രാവിലെ ഒമ്പതിന് തുടങ്ങിയ മത്സരങ്ങൾ വൈകീട്ട് അഞ്ചുവരെ നീണ്ടുനിന്നു. മൂന്നു വിഭാഗങ്ങളിലായി ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർക്ക് യഥാക്രമം 5000, 3000, 2000 രൂപ വീതം കാഷ് പ്രൈസും മൊമന്റോയും ലഭിച്ചു. ശൈലി ആപ്പ് സർവേയിൽ ശ്രദ്ധേയമായ പ്രകടനം കാഴ്ചവച്ച ചുള്ളിയോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മുത്തുവിനെ പരിപാടിയിൽ ആദരിച്ചു. ഹാംലറ്റ് ആശമാർ ഉൾപ്പെടെ ജില്ലയിലെ 860 ആശാപ്രവർത്തകരെ 12 ഗ്രൂപ്പുകളായി തിരിച്ചായിരുന്നു മത്സരങ്ങൾ. മത്സരയിനങ്ങളായ മൂകാഭിനയം, സംഘനൃത്തം, നാടൻപാട്ട് എന്നിവയിൽ ഒന്നാംസ്ഥാനം നേടിയ ഗ്രൂപ്പുകൾ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കും. ജില്ലാ മെഡിക്കൽ ഓഫിസർ ഇൻ ചാർജ് ഡോ. പി. ദിനീഷ്, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സമീഹ സൈതലവി, ഡെപ്യൂട്ടി ഡിഎംഒമാരായ ഡോ. പ്രിയാ സേനൻ, ഡോ. സാവൻ സാറാ മാത്യു, ജില്ലാ ആർസിഎച്ച് ഓഫിസർ ഡോ. ഷിജിൻ ജോൺ ആളൂർ, നവകേരള കർമ്മപദ്ധതി 2 ആർദ്രം ജില്ലാ നോഡൽ ഓഫീസർ ഡോ. പി. എസ് സുഷമ എന്നിവർ വിജയികൾക്കുള്ള സമ്മാനദാനം നിർവഹിച്ചു. ജില്ലാ മാസ് മീഡിയാ ഓഫീസർ ഹംസ ഇസ്മാലി, ടെക്നിക്കൽ അസിസ്റ്റന്റ് കെ.കെ ചന്ദ്രശേഖരൻ സംസാരിച്ചു. ജില്ലാ ആശാ കോ-ഓഡിനേറ്റർ സജേഷ് ഏലിയാസ്, ബയോമെഡിക്കൽ എൻജിനീയർ സ്വപ്ന അനു ജോസഫ്, പാലിയേറ്റീവ് കോ-ഓഡിനേറ്റർ പി. സ്മിത തുടങ്ങിയവർ നേതൃത്വം നൽകി.

> സമകാലിക സംഭവങ്ങളുമായി കൈയ്യടി നേടിയാണ് മൂകാഭിനയ മത്സരം പര്യവസാനിച്ചത്

# ക്ലിനിക്കൽ സേവനം ഇനി അട്ടപ്പാടി ഊരുകളിലേക്ക്

പാലക്കാട്: അട്ടപ്പാടിയിലെ ആദിവാസി വിഭാഗത്തിന് മെച്ചപ്പെട്ട ചികിത്സാസേവനം ഊരുകളിൽ ലഭ്യമാക്കുന്നതിന് എൻഎച്ച്എം കെ എം എസ് സി എൽ വഴി നടപ്പാക്കുന്ന മൂന്ന് മൊബൈൽ മെഡിക്കൽ ക്ലിനിക് വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് ജില്ലാ കളക്ടർ ഡോ. എസ് ചിത്ര നിർവ്വഹിച്ചു. ഒമ്പത് വ്യത്യസ്ത തരം രോഗനിർണയ ഉപകരണങ്ങളോടുകൂടിയ മൊബൈൽ മെഡിക്കൽ ക്ലിനിക് വാഹനങ്ങളിൽ ഒരു ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നിഷ്യൻ എന്നിവരടങ്ങുന്ന മെഡിക്കൽ സംഘമാണുള്ളത്. ഇവർ അട്ടപ്പാടിയിലെ ഊരുകളിൽ നിശ്ചിത ദിവസങ്ങളിലെത്തി പ്രാഥമിക മെഡിക്കൽ സേവനങ്ങൾ നൽകുകയും സിക്കിൾ സെൽ അനീമിയ അടക്കമുള്ളവയുടെ ലാബ് പരിശോധനകളും നടത്തും.

പ്രതിമാസം കുറഞ്ഞത് 20 ക്യാമ്പുകൾ നടത്തുകയും ഒരു ക്യാമ്പിൽ കുറഞ്ഞത് 35 രോഗികളെയെങ്കിലും പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യും. കുട്ടികളിലെ പോഷകാഹാരം കുറവ്, ആരോഗ്യ സംരക്ഷണം, ആർത്തവ ശുചിത്വം പ്രസവത്തിനു മുമ്പും ശേഷവും ഉള്ള പരിചരണം എന്നിവയെ കുറിച്ചുള്ള ബോധവൽക്കരണവും ഇതുവഴി നൽകും. പോഷകാഹാരം കുറവുള്ള അമ്മമാർ, കുട്ടികൾ, ഗർഭിണികൾ, കിടപ്പിലായ രോഗികൾ, മറ്റ് ആരോഗ്യപ്രശ്നങ്ങൾ എന്നിങ്ങനെയുള്ള വിവരശേഖരണവും മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ വഴി നടത്തും. സിക്കിൾ സെൽ അനീമിയ അടക്കം 26 തരം രക്ത പരിശോധനകളും രോഗനിർണയത്തിനും മരുന്ന് വിതരണത്തിനുമുള്ള സൗകര്യങ്ങളും വാഹനങ്ങളിൽ ഉണ്ട്.

ദുർഘടമായ ആദിവാസി ഊരുകളിൽ പോലും എത്തിച്ചേരാൻ കഴിയുന്ന തരത്തിലുള്ള ജിപിഎസ് സൗകര്യങ്ങളോടെയുള്ള വാഹനങ്ങളാണ് ക്ലിനിക്കൽ സേവനത്തിനായി ഏർപ്പെടുത്തിയിരിക്കുന്നത്. അതാത് പ്രദേശങ്ങളിലെ ട്രൈബൽ കോഡിനേറ്റർ അംഗനവാടി ടീച്ചർമാർ ആശാവർക്കർമാർ എന്നിവരെ മുൻകൂർ അറിയിച്ചാണ് ക്യാമ്പുകൾ നടത്തുക.

# മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർമാർക്ക് ഹാൻഡ്സ് ഓൺ ക്ലിനിക്കൽ ട്രെയിനിങ്ങ്



എം എൽ എസ് പി ആദ്യ ബാച്ച് പരിശീലനത്തിൽ പങ്കെടുക്കുന്നവർ

തൃശ്ശൂർ: ജില്ലയിലെ മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർമാർക്ക് ഹാൻഡ്സ് ഓൺ ക്ലിനിക്കൽ ട്രെയിനിങ്ങിന് ജില്ലയിൽ തുടക്കമായി. സർക്കാർ മെഡിക്കൽ കോളേജിൽ ആരംഭിച്ച പരിശീലന പരിപാടിയിൽ ഒരു ബാച്ചിൽ 60 എം.എൽ.എസ്.പിമാർ വീതമാണ് പങ്കെടുക്കുക. ഫെബ്രുവരി ആദ്യവാരം ആരംഭിച്ച പരിശീലനം മാർച്ച് 20 ഓടെ അവസാനിക്കുന്ന വിധത്തിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. ഇതോടെ 367 എം.എൽ.എസ്.പിമാർക്ക് പരിശീലനം ലഭിക്കും. മെഡിസിൻ, സർജറി, ശിശുരോഗം, ഗൈനക്കോളജി, എമർജൻസി കെയർ, ദന്തരോഗം എന്നീ വിഷയങ്ങളിലാണ് 40 ദിന റൊട്ടേഷണൽ ട്രെയിനിങ്ങ് നൽകുക. ആദ്യ ബാച്ചിന്റെ പരിശീലനം മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ.നിഷ.എം.ദാസ് ഉദ്ഘാടനം ചെയ്തു.

പൊതുജന ആരോഗ്യ സംരക്ഷണത്തിന് മികവുറ്റ സേവന ലഭ്യത ഉറപ്പാക്കുന്നതിനായാണ് പരിശീലനം സംഘടിപ്പിക്കുന്നത്. സംസ്ഥാനത്തെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ നവീകരിച്ച് കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളായി ഉയർത്തി മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്നതും പ്രസ്തുത പരിശീലന പരിപാടിയിലൂടെ ലക്ഷ്യമിടുന്നു. ആദ്യ ബാച്ച് പരിശീലനം പൂർത്തിയാവുന്ന മുറക്ക് അടുത്ത ബാച്ചുകളിലേക്കുള്ള പരിശീലനം ആരംഭിക്കും.




# ഇത് കൗമാരക്കാരുടെ 'കയ്യൊപ്പ്'

**കൗമാര സ്വപ്നങ്ങൾക്ക് നിറച്ചാർത്ത്**



കയ്യൊപ്പ് ചാർത്തുന്ന കൗമാരക്കാരായ പെൺകുട്ടികൾ

കോഴിക്കോട്: ജില്ലയിലെ കൗമാരക്കാരുടെ സ്വപ്നങ്ങൾക്ക് നിറം നൽകാൻ ആരോഗ്യവകുപ്പും ദേശീയ ആരോഗ്യ ദൗത്യവും സംയുക്തമായി നടത്തിയ 'കയ്യൊപ്പ് കുട്ടികൾക്ക് വൈവിധ്യമായ അനുഭവമായി. കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യ ബോധവൽകരണം വർദ്ധിപ്പിക്കുക എന്നതാണ് 'കയ്യൊപ്പ് പരിപാടിയുടെ ലക്ഷ്യം. പരിപാടിയുടെ ഉദ്ഘാടനം കോഴിക്കോട് നോർത്ത് എം.എൽ.എ തോട്ടത്തിൽ രവീ ന്ദ്രൻ കൈയ്യൊപ്പ് നൽകി നിർവഹിച്ചു.

കൗമാര മാനസികാരോഗ്യം എന്ന വിഷയത്തിൽ കുട്ടികൾക്ക ഡോ.അബ്ദുൾഗഫൂർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ലിസണിംഗ് കമ്മ്യൂണിറ്റി, ഡൽഹി എന്നിവരുടെ നേതൃത്വത്തിൽ ബോധവൽകരണ ക്ലാസ്സ് സംഘടിപ്പിച്ചു. ജില്ലാ ലീഗൽ സർവീസ് അതോറിറ്റി, സബ് ജഡ്ജും സെക്രട്ടറിയുമായ അഡ്വ.ഷൈജൽ.എം.പി കുട്ടികളോട് സംവദിച്ചു. കട്ടികൾക്ക് അവരുടെ സ്വപ്നങ്ങൾ എഴുതി പ്രദർശിപ്പിക്കാൻ അംബീഷൻ ട്രീ ഒരുക്കിയിരുന്നു. പോഷകാഹാര പ്രദർശനവും സംഘടിപ്പിച്ചു.കൂടാതെ കുട്ടികൾക്കായി വിവിധ കലാമത്സരങ്ങൾ, പ്രസംഗ മത്സരം, ലളിതഗാനം, ക്വിസ്, സിംഗിൾ ഡാൻസ് എന്നിവയും സംഘടിപ്പിച്ചിരുന്നു. മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെച്ചവർക്കായി സമ്മാനവും നൽകി. ഇരുനൂറോളം കുട്ടികൾ പരിപാടിയിൽ പങ്കെടുത്തു,

അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ.ദിനേഷ്കുമാർ.എ.പി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.നവീൻ.എ, ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ.മോഹൻദാസ്.ടി, എൻ.കെ.കെ.പി നോഡൽ ഓഫീസർ ഡോ. ഷാജി.സി.കെ, വനിതാ ശിശു വികസന പ്രോഗ്രാം ഓഫീസർ അനിത.പി.പി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# അതിസങ്കീർണമായ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി കൊട്ടാരക്കര താലൂക്ക് ആശുപത്രി

കൊല്ലം : കരളിന്റെ പ്രവർത്തനം ഗുരുതരതാവസ്ഥയിലായിരുന്ന വയോധികയെ അതിസങ്കീർണ്ണമായ ശസ്ത്രക്രിയയിലൂടെ ജീവൻ രക്ഷിച്ച് കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ സർജറി വിഭാഗം.

പെരുങ്കുളം സ്വദേശിയായ 70 വയസ്സുള്ള വയോധികയാണ് വിട്ടുമാറാത്ത മഞ്ഞപിത്തം മൂലം ആഹാരം കഴിക്കാനാകാത്ത അവസ്ഥയിൽ ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തിയത്.തുടർന്ന് സർജറി വിഭാഗത്തിൽ നടത്തിയ പരിശോധനയിലാണ് പിത്താശയം, പിത്തനാളി എന്നിവയിൽ രണ്ട് സെന്റിമീറ്ററോളം വലുപ്പത്തിൽ നിരവധി കല്ലുകൾ അടഞ്ഞതിനെ തുടർന്ന് കരളിന്റെ പ്രവർത്തനം ഗുരുതരാവസ്ഥയിലായിരുന്നതായി കണ്ടെത്തിയത്. ഉടൻതന്നെ ശസ്ത്രക്രിയ നിർദേശിക്കുകയും താലൂക്ക് ആശുപത്രി കൺസൾട്ടന്റ് സർജൻ ഡോ. വിനു.ജി യുടെ നേതൃത്വത്തിൽ മണിക്കൂറുകൾ നീണ്ട ശസ്ത്രക്രിയക്ക് ഒടുവിൽ പിത്തനാളിയിലെ കല്ലുകൾ, പിത്താശയം എന്നിവ നീക്കം ചെയ്തു. ഓപ്പറേഷൻ തീയേറ്ററിൽ ഇതിനായി പ്രത്യേകം സജ്ജീകരിച്ച ടി ട്യൂബ് കൊളാഞ്ജിയോഗ്രാം (എക് റെ) സംവിധാനത്തിലൂടെയാണ് ഇത് സാധ്യമാക്കിയത്. സ്വകാര്യ ആശുപത്രിയിൽ ഇത്തരം സർജറിക്ക് ചിലവാകുന്ന ഭീമമായ തുകയും കാലതാമസവും കണക്കിലെടുത്ത് രോഗിയും ബന്ധുക്കളും താലൂക്ക് ആശുപത്രിയിൽ തന്നെ സർജറി ചെയ്യാനുള്ള സൗകര്യത്തെ സംബന്ധിച്ചു അന്വേഷിക്കുകയും തുടർന്ന് ആശുപത്രിയിലെ സർജറി വിഭാഗം ഈ ഉത്തരവാദിത്തം ഏറ്റെടുക്കുകയുമായിരുന്നു. മെഡിക്കൽ കോളേജുകളിൽ ഒഴികെ മറ്റു സർക്കാർ ആശുപത്രികളിൽ സമാന ശസ്ത്രക്രിയകൾ നടന്നിട്ടില്ല. ഇതുകൊണ്ടുതന്നെ ഇത്തരം ശസ്ത്രക്രിയകൾക്കു വേണ്ടി മെഡിക്കൽ കോളേജുകളെയും സ്വകാര്യ ആശുപത്രികളെയും ആശ്രയിക്കേണ്ടി വരുന്നവർക്കു പ്രതീക്ഷയാകുകയാണ് കൊട്ടരക്കര താലൂക്ക് ആശുപത്രി.

# ദേശീയവദനാരോഗ്യ പരിപാടി ബോധവത്കരണ ക്യാമ്പയിനും ക്യാമ്പും സംഘടിപ്പിച്ചു

എറണാകുളം: ദേശീയ വദനാരോഗ്യ പരിപാടിയുടെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ജില്ലയിലെ വിവിധ ആരോഗ്യസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ പരിപാടികളിൽ ബോധവത്കരണ ക്ലാസുകൾ, പരിശോധനകൾ, ദന്താരോഗ്യത്തെ സംബന്ധിക്കുന്ന ഉപകരണങ്ങളുടെ പ്രദർശനം തുടങ്ങിയവ സംഘടിപ്പിച്ചു.

ജില്ലയിൽ 30 ദന്തസംരക്ഷണ യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്. ഇവയുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനും ദന്താരോഗ്യത്തെ കുറിച്ച് അവബോധം സൃഷ്ടിക്കാനുമായാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്. സ്ത്രീകൾ, കുട്ടികൾ, സ്കൂൾ വിദ്യാർത്ഥികൾ, അതിഥി തൊഴിലാളികൾ, പ്രായമായവർ തുടങ്ങിയവർക്കായി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചു. ആദിവാസി ഊരായ പിണവൂർ കുടിയിലും പ്രത്യേക ക്യാമ്പ് നടത്തി. പ്രചരണപ്രവർത്തനങ്ങളുടെ ഭാഗമായി പോസ്റ്ററുകളും വീഡിയോകളും തയ്യാറാക്കി.

ദന്തൽ പരിചരണ രംഗത്ത് കൃത്യമായ ഇടപെടലാണ് ജില്ലയിൽ നടത്തിവരുന്നത്. സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ കൃത്യമായ സ്ക്രീനിംഗ് നടത്തുന്നതിനും ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുമായി സ്കൂൾ ഹെൽത്ത് നേഴ്സുമാർക്ക് ആവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിച്ചു. ക്ലാസുകൾ കൈകാര്യം ചെയ്യാനുതകുന്ന ബുക്ക്ലെറ്റുകളും തയ്യാറാക്കി നൽകി.

# പിയർ എഡ്യൂക്കേറ്റർ ഒരു വിശ്വസ്ത സുഹൃത്ത്

## പിയർ എഡ്യൂക്കേറ്റർമാർക്കുള്ള പരിശീലന പരിപാടി ജില്ലയിൽ പൂർത്തിയായി



**പിയർ എഡുക്കേറ്റർമാരുടെ ചുമതലകൾ**

കാസറഗോഡ്: രാഷ്ട്രീയ കിഷോർ സ്വാസ്ത്യ കാര്യക്രം പദ്ധതിയുടെ ഭാഗമായുള്ള പിയർ എഡ്യൂക്കേറ്റർ പരിശീലന പരിപാടി ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും പൂർത്തിയായി. 520 പിയർ എഡ്യൂക്കേറ്റർമാരാണ് വിവിധ ആരോഗ്യ വിഷയങ്ങളിൽ പരിശീലനം ലഭിച്ച് കൗമാരക്കാരുടെ ഇടയിൽ ആരോഗ്യ സേവനങ്ങൾ നൽകാൻ തയ്യാറായിരിക്കുന്നത്.

കൗമാര പ്രായത്തിലെ വിഷമതകളും സങ്കീർണ്ണതകളും മനസ്സിലാക്കാൻ കഴിവുള്ള സമപ്രായക്കാരായ കൂട്ടുകാരെ കണ്ടെത്തി അവരെ പരിശീലിപ്പിച്ചുകൊണ്ട് കൗമാര പ്രായക്കാരിലേക്ക് ഇറങ്ങി ചെല്ലുക എന്നതാണ് പിയർ എഡ്യൂക്കേറ്റർ പദ്ധതി. മാനസികവും വൈകാരികവുമായ ക്ഷേമം, ലൈംഗികവും പ്രജനനപരവുമായ ആരോഗ്യം, അക്രമരഹിത ജീവിതം, ഗുണമേന്മയുള്ള പോഷകാഹാരം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, പ്രതിരോധം എന്നീ വിഷയങ്ങളിലാണ് പരിശീലനം നൽകുന്നത്. ഇത്തരത്തിൽ പരിശീലനം പൂർത്തിയായ കുട്ടികൾ അവരവരുടെ സ്കൂളുകളിൽ നടത്തുന്ന ആരോഗ്യ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമായി നോ ഫിനാൻഷ്യൽ സപ്പോർട്ടായി പഠന സഹായികൾ, പിയർ എഡ്യൂക്കേറ്റർ ഡയറി എന്നിവ അടങ്ങിയ ആർ കെ എസ് കെ കിറ്റും ഇവർക്ക് നൽകി വരുന്നു.

10 നും 19 നും ഇടയിൽ പ്രായമുള്ള സുഹൃത്തുക്കളോട് മാനസികാരോഗ്യ പ്രശ്നങ്ങളെ കുറിച്ചും അതിന് കാരണമാവുന്ന വസ്തുതകളെകുറിച്ചും ബോധവത്കരിക്കുക.

സുഹൃത്തുക്കളിൽ നിന്നും സമപ്രായക്കാരിൽ നിന്നും ഉണ്ടാകാനിടയുള്ള സമ്മർദ്ദം തിരിച്ചറിയാനും പ്രതികൂലമായ (ഗുണകരമല്ലാത്ത) സമ്മർദ്ദങ്ങളെ അതിജീവിക്കാനും സഹായിക്കുക.

ലഹരി ഉപയോഗത്തിന്റെ പ്രത്യാഘാതങ്ങളെ കുറിച്ച് കൗമാരപ്രായക്കാരെയും സമൂഹത്തെയും ബോധവത്കരിക്കുക, സമ്മർദ്ദങ്ങൾക്ക് അടിപ്പെട്ടുപോയ കുട്ടികളെ പേടി, കുറ്റബോധം, നാണക്കേട് ഇവയിൽ നിന്ന് കരകയറാൻ സഹായിക്കുക, അവർക്ക് സഹായം നൽകുക. മാനസിക സമ്മർദ്ദങ്ങളേയും വൈകാരിക സമ്മർദ്ദങ്ങളേയും കൈകാര്യം ചെയ്യാൻ സഹായിക്കുക.

കൗമാരാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും കൗൺസിലിംഗും ആവശ്യമെങ്കിൽ ചികിത്സയുമെത്തിക്കാൻ കൗമാരക്കാരെ സഹായിക്കുക.

ലഹരിക്ക് അടിപ്പെട്ടപോയ കുട്ടികളുടെ ആവശ്യങ്ങളും അവസ്ഥകളും മനസ്സിലാക്കി പ്രവർത്തിക്കാൻ മുതിർന്നവരേയും സമൂഹത്തേയും ബോധവത്കരിക്കുക.




























# വിവ കേരളം ക്യാമ്പയിൻ ജില്ലകളിൽ....





# ആശ ഫെസ്റ്റ്



## അരങ്ങുണർന്നു

ആശ ഫെസ്റ്റിന്റെ ഭാഗമായി
വിവിധ ജില്ലകളിൽ
നടന്ന പരിപാടികൾ





